**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2426** **27-02-2023 - ൽ മറുപടിയ്ക്ക്**

**അക്രഡിറ്റഡ് ഏജൻസികളുടെ നിലവാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനു നിലവിൽ സംവിധാനമില്ല. എന്നിരുന്നാലും ടി ഏജൻസികളുടെ മനുഷ്യ വിഭവ ശേഷി, ആസ്തികൾ പ്രവൃത്തി പരിചയം പ്രവൃത്തി നിർവഹണം മുതലായവ പരിഗണിച്ചാണ് അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത്. |
| (ബി) | അക്രഡിറ്റഡ് ഏജൻസികൾക്ക് റാങ്കിംഗ് നൽകുന്നത് പരിഗണനയിലുണ്ടോ; | (ബി) | അക്രഡിറ്റഡ് ഏജൻസികൾക്ക് റാങ്കിംഗ് നൽകുന്നത് പരിഗണനയിലില്ല. |
| (സി) | ഗുണനിലവാരം ഇല്ലാത്ത പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അക്രഡിറ്റഡ് ഏജൻസികൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടാൽ ടി ഏജൻസി സ്വന്തം ചെലവിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ആയതു പരിഹരിക്കേണ്ടതും സ്ഥിരമായി ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടാൽ ടി ഏജൻസികളുടെ അക്രഡിറ്റേഷൻ പുന: പരിശോധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ